(എ) നിർമ്മാണത്തിലെ അപാകതമൂലം കെ.എസ്.ആർ.ടി.സി.-യുടെ പല ഹൈടെക് ബസ്സുകളുടേയും സൈഡ് ഗ്ലാസ് പ്രവർത്തനരഹിതമാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം വർഷക്കാലത്ത് യാത്രക്കാർ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവയുടെ സൈഡ് ഗ്ലാസ്സുകൾ മാറി ഷട്ടർ ഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പുതിയതായി നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്ന ബസ്സുകൾക്ക് സൈഡ് ഗ്ലാസ്സിനു പകരം ഷട്ടർ ഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സ്വീകരിക്കുന്നുണ്ട്.

(ഡി) പരിഗണനയിലുണ്ട്.

സ്വകാര്യ ബസ്സുകളുടെ പെർമിറ്റ്

101 [2238] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ്സുകൾ പെർമിറ്റിൽ പറഞ്ഞിട്ടുള്ള റൂട്ടുകൾ ഒഴിവാക്കി സർവ്വീസ് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കർശനമായി തടഞ്ഞ് പെർമിറ്റിൽ പറഞ്ഞിരിക്കുന്ന റൂട്ടുകളിൽ ഇവയുടെ സേവനം ഉറപ്പാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിക്കുന്നുണ്ട്.

എറണാകുളം-വരാപ്പുഴ-ഗുരുവായൂർ റൂട്ടിലെ സ്വകാര്യ ബസ് പെർമിറ്റ്

102 [2239] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) എറണാകുളം-വരാപ്പുഴ-ഗുരുവായൂർ റൂട്ടിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റുകൾ നൽകുന്നത് സംബന്ധിച്ച് സർക്കാർ നയം വിശദമാക്കുമോ;

(ബി) വരാപ്പുഴ റൂട്ടിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പെർമിറ്റുകൾ അനുവദിച്ചിട്ടുണ്ട്;

(സി) ഇവ അനുവദിച്ചതിന്റെ മാനദണ്ഡം വിശദമാക്കുമോ;

(ഡി) ഇക്കഴിഞ്ഞ ജൂൺ-ജൂലായ് മാസങ്ങളിൽ പുതുതായി ഈ റൂട്ടിൽ പെർമിറ്റുകൾ നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly